ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. അനുമതി നൽകാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

(സി) ലഭിച്ചിട്ടുണ്ട്.

(ഡി) ഇതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെക്കുറിച്ച് സർക്കാർ പരിശോധിച്ചു വരികയാണ്.

യൂറിൻഷെഡ് നിർമ്മാണം

62. [1548] ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നെടുമങ്ങാട് ചുള്ളിമാനൂർ ജംഗ്ഷനിൽ ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ വനം വകുപ്പ് നിർദ്ദേശിക്കുന്ന സ്ഥലത്ത് ഒരു യൂറിൻഷെഡ് നിർമ്മിച്ചു കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

വനംവകുപ്പ് ഇത്തരം പണികൾ ഏറെടുക്കാറില്ല.

ഗ്രാമ വികസന വകുപ്പിൽ ജോയിന്റ് ബി. ഡി. ഒ. തസ്തിക

63. [1549] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിൽ ജോയിന്റ് ബി. ഡി. ഒ. തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) ഈ നിർദ്ദേശം നടപ്പിലാക്കുകയാണെങ്കിൽ എന്തു തുക പ്രതിവർഷം അധിക ചെലവു വരും ;

(സി) ഇതിൽ എത്ര തുക കേന്ദ്രം വഹിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഗ്രാമവികസനവകുപ്പിൽ ജോയിന്റ് ബി.ഡി.ഒ. തസ്തിക സൃഷ്ടിക്കണമെന്ന ആവശ്യം പല ശോധിക്കുകയും ഇപ്പോൾ പരിഗണിക്കേണ്ടതില്ല എന്ന് നേരത്തെ തീരുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ പുനഃപരിശോധിക്കണമെന്ന ജീവനക്കാരുടെ ആവശ്യം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കണക്ക് എടുത്തിട്ടില്ല.

(സി) ഉദിക്കുന്നില്ല.

സംയോജിത ഗ്രാമവികസന പദ്ധതിയുടെ പുരോഗതി

64. [1550] ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സംയോജിത ഗ്രാമവികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ;

(സി) ഐ. ആർ. ഡി. പി. പദ്ധതികൾക്ക് വേണ്ടി തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളുടെ അഭിരുചിയും സൗകര്യങ്ങളും കണക്കാക്കി ലോൺ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബ്ലോക്കുതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സംയോജിത ഗ്രാമവികസന പരിപാടി നടപ്പിലാക്കുന്നതിന്റെ പുരോഗതി അവലോകനം ചെയ്യുകയും വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

(സി) ഗുണഭോക്താക്കളുടെ അഭിരുചിയും അടിസ്ഥാന സൗകര്യങ്ങളും കണക്കിലെടുത്താണ് ഐ.ആർ.ഡി.പി.യിൽ കുടുംബ വരുമാന പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ വായ്പ ഇപ്പോൾ ലഭ്യമാക്കി വരുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

II. പാമോലിൻ ഇറക്കുമതി സംബന്ധിച്ച് പി. യു. സി.-യുടെ അന്വേഷണ റിപ്പോർട്ട്

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സ്പീക്കർ സർ, നാലു വർഷങ്ങൾക്കു മുൻപ് പാമോലിൻ അഴിമതിയെ സംബന്ധിച്ച് നിയമസഭയിൽ ഉന്നയിച്ചപ്പോൾ അന്നത്തെ ബഹുമാനപ്പെട്ട സ്പീക്കർ ആ പ്രശ്നത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. ഇതോടുകൂടി സഭ പിരിയുകയാണ്. ഇത്രയും കാലമായിട്ടും ആ കമ്മിറ്റിയുടെ ഇതു സംബന്ധിച്ച റിപ്പോർട്ട് വന്നിട്ടില്ല. കമ്മിറ്റി ഇതിനെക്കുറിച്ച് വിശദമായി ചർച്ച ചെയ്തു അന്തിമ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. ഇതിനിടയ്ക്ക് കമ്മിറ്റി ചെയർമാൻ അമേരിക്കയിലോ മറ്റോ പോയിരുന്നു. ഇപ്പോൾ അദ്ദേഹം വന്നിട്ടുണ്ട്. അതുകൊണ്ട് ഈ സഭ പിരിയുന്നതിനു മുൻപ അടിയന്തിരമായിട്ട് റിപ്പോർട്ട് കിട്ടാൻ സത്വര നടപടിയുണ്ടാകണം. ഇതു സംബന്ധിച്ച് അങ്ങയുടെ നിർദ്ദേശം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. [9.30 a. m.]

മി. സ്പീക്കർ : അത് ഞാൻ പരിശോധിക്കാം.

ശ്രീ. എ. സി. ഷൺമുഖദാസ് : സഭ പിരിയുന്നതിനു മുൻപ് നടപടി ഉണ്ടാകണം.

മി. സ്പീക്കർ : ഞാൻ പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly